LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിലുള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനമുള്ളതുമായ ക്ഷേത്രങ്ങളും അവയുടെ ശരാശരി പ്രതിമാസ വരവും ചെലവും പട്ടികയാക്കി ചുവടെ ചേർക്കുന്നു:

ക്രമ നം.	ക്ഷേത്രങ്ങളുടെ പേര്	പ്രതിമാസ വരവ് (രൂപ)	പ്രതിമാസ ചെലവ് (രൂപ)
1	വെട്ടിക്കവല	3,45,348	3,14,430
2	പുല്ലാമല	2,22,328	48,463
3	അട്ടൂർ	3,05,579	2,27,776
4	പട്ടാഴി	6,57,287	3,00,152
5	പൊലിക്കോട്	2,22,488	2,08,738
6	പി.ഡി. മണികണ്ഠേശ്വരം	44,24,201	7,31,738

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

125 (2405) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങളോട് ചേർന്ന് കിടക്കുന്ന കുളം, കാവ്, ആൽത്തറ, ചിറ എന്നിവയുടെ പുനഃരുദ്ധാരണത്തിന് വേണ്ടി റവന്യൂ (ദേവസ്വം) വകുപ്പ് സ.ഉ. (സാധാ) നമ്പർ 6435/14/ആർ.ഡി. നമ്പറായി 23-12-2014-ന് ഉത്തരവിറക്കിയിരുന്നുവോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരുന്നത്;

(സി) പ്രസ്തുത ഉത്തരവിൽ പറയുന്ന ക്ഷേത്രങ്ങൾക്ക് പരാമർശിക്കപ്പെട്ട തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രങ്ങൾക്ക് ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് അത് ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇറക്കിയിരുന്നു.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളം/കാവ്/ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി മലബാർ ദേവസ്വംബോർഡിനെയും സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ച തുക മാറുന്നതുമായി ബന്ധപ്പെട്ട് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു.

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിലെ 87 ക്ഷേത്രങ്ങൾക്ക് അനുവദിച്ചതുക നൽകുന്നതിന് ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നതും പ്രസ്തുതതുക മാറി റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും ആയത് അതത് ക്ഷേത്രങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും മലബാർദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുള്ള താണ്. 27 സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ചിരുന്ന തുകയിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറി മുഖാന്തരം സർക്കാരിലേക്ക് ബിൽ സമർപ്പിച്ചിരുന്ന ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിട്ടുള്ളതാണ്. യഥാസമയം ബിൽ സമർപ്പിക്കാത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിരുന്നില്ല.

(ഡി) മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങൾക്ക് തുക അനുവദിക്കുന്നതിൽ മലബാർ ദേവസ്വംബോർഡിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ക്ഷേത്രങ്ങളുടെ ബിൽ നിശ്ചിത സമയത്തിനുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കെതിരെ ദേവസ്വം വകുപ്പിൽനിന്നും നടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ല.

ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള സാമ്പത്തിക സഹായം

126 (2406) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്നചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;